(ബി) ഇക്കാര്യത്തെപ്പറ്റി പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ;

(സി) നിലവിലുള്ള നികുതിയും നികുതിഘടനയും പരിഷ്ക്കരിച്ച് വരുമാനം വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) മൂല്യവർദ്ധിത നികുതി നിയമത്തിന്റെ പ്രധാന ഗുണം നികുതിയുടെ അടിത്തറ വികസിപ്പിക്കുന്നു എന്നതാണ്. ഇത് ഒരു ബഹുമുഖ നികുതി സമ്പ്രദായമായതിനാൽ എല്ലാ വിൽപ്പന ഘട്ടത്തിലുമുള്ള വ്യാപാരികളും രജിസ്റ്റർ ചെയ്ത് നികുതി അടയ്ക്കേണ്ടതാണ്. കൂടുതൽ വ്യാപാരികളും രജിസ്ട്രേഷൻ എടുക്കുവാൻ മുന്നോട്ടു വന്നിട്ടുണ്ട്.

(ബി) മൂല്യവർദ്ധിത നികുതിനിയമം എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കുന്നതിലേക്കായി കേന്ദ്രസർക്കാർ അധികാരപ്പെടുത്തിയിരിക്കുന്നത് ധനമന്ത്രിമാരുടെ നേതൃത്വത്തിലുള്ള ഒരു ഉന്നതാധികാരകമ്മിറ്റിയെയാണ്. ഈ കമ്മിറ്റി കാലാകാലങ്ങളിൽ സമ്മേളിക്കുകയും അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളിൽ ഉചിതമായ തീരുമാനമെടുക്കുകയും അപ്രകാരം എടുത്ത തീരുമാനങ്ങളും സംസ്ഥാനങ്ങളും പ്രാവർത്തികമാക്കി വരികയുമാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസി എന്ന ദേശീയതലത്തിലുള്ള ഒരു പ്രമുഖമായ സ്ഥാപനം നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് 'വാറ്റ്' നടപ്പാക്കാനുള്ള നടപടികളും ആരംഭിച്ചത്. സാമ്പത്തികകാര്യ വിദഗ്ദ്ധരാണ് ഈ പഠനം നടത്തിയത്.

(സി) 1-4-2005-ൽ പ്രാബല്യത്തിൽവന്ന മൂല്യവർദ്ധിത നികുതി നിയമത്തിൽ വന്നിട്ടുള്ള അപാകതകളും പരിഹരിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ ഭേദഗതികളും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഉന്നതാധികാര സമിതിയുടെ തീരുമാനത്തിന്റെ വെളിച്ചത്തിലും വ്യാപാരി വ്യവസായി സംഘടനകളുടെ നിവേദനങ്ങളും പരിശോധിച്ചതിനുശേഷവും മൂല്യവർദ്ധിത നികുതി നിയമം പട്ടികകളിൽവേണ്ട ഭേദഗതികളും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം നികുതി ഘടന പരിഷ്ക്കരിച്ച് നികുതി വർദ്ധിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കേരള പൊതുവിൽപ്പന നികുതി നിയമം 1-4-2005-ന് മുമ്പുണ്ടായിരുന്ന രീതിയിൽ തുടരുവാൻ സാദ്ധ്യമല്ല.

കഞ്ചാവ് കൃഷി നശിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ

12 [387] ശ്രീ. ടി. എം. ജേക്കബ്:
,, ജോണി നെല്ലൂർ:
,, ആർ. ബാലകൃഷ്ണപിള്ള:
,, കെ. ബി. ഗണേഷ്കുമാർ:
,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനപ്രദേശങ്ങളിലെ കഞ്ചാവ് കൃഷി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഞ്ചാവ് കൃഷി കണ്ടെത്തുവാനും നശിപ്പിക്കുവാനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പ്രദേശത്തെ കഞ്ചാവ് കൃഷി നശിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പ്രദേശങ്ങളിൽ വീണ്ടും കൃഷി ആരംഭിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വനഭാഗങ്ങളിൽ കഞ്ചാവ് കൃഷി കണ്ടെത്താൻ സംരക്ഷണ ജീവനക്കാർ ഉൾപ്പെട്ട പ്രത്യേക സംഘങ്ങൾ രൊന്തുചുറ്റി കഞ്ചാവ് കൃഷി നശിപ്പിച്ചുവരുന്നുണ്ട്. ഇൻഫോർമർമാരുടെ സേവനം ഉപയോഗപ്പെടുത്തി ഉൾവനങ്ങളിലെ കഞ്ചാവ് കൃഷിയെക്കുറിച്ച് രഹസ്യ വിവരം ശേഖരിച്ച് നശിപ്പിച്ച് വരുന്നു. വനസംരക്ഷണ സമിതിയുടെ സഹായത്തോടെയും കഞ്ചാവ് കൃഷി കണ്ടെത്തി നശിപ്പിക്കാറുണ്ട്. അതാത് പ്രദേശങ്ങളിലെ സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ, ആദിവാസികൾ എന്നിവരുടെ സേവനവും ഇതിനായി ലഭ്യമാക്കുന്നു. ഉന്നത ഉദ്യോഗസ്ഥൻമാരുടെ നേതൃത്വത്തിൽ വനം, പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോടുകൂടി കഞ്ചാവ് കൃഷി കണ്ടെത്തി നശിപ്പിക്കുന്നതിന് വിപുലമായ റെയിഡുകൾ നടത്തി കഞ്ചാവ് ചെടികൾ നശിപ്പിക്കുന്നു. കുറ്റവാളികളെ കണ്ടുപിടിച്ച് നിയമാനുസരണം ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. അട്ടപ്പാടി മേഖലകളിലെ കഞ്ചാവ് കൃഷി നശിപ്പിക്കുന്നതിന് അഹാഡ്സ് ഉദ്യോഗസ്ഥരുടെ സേവനവും ഉപയോഗിക്കാറുണ്ട്. ദുർഘടമായ ഉൾവനങ്ങളിൽ എത്തിപ്പെടാൻ സാധിക്കാത്തതിനാൽ ഇവിടുത്തെ കഞ്ചാവ്, കൃഷി വ്യോമസേനയുടെ സഹായത്തോടെ ഹെലികോപ്റ്റർ ഉപയോഗിച്ച് കണ്ടെത്തി നശിപ്പിക്കുന്നതിന് നിർദ്ദേശം പരിഗണനയിൽ ഉണ്ട്. കഞ്ചാവ് കൃഷി നശിപ്പിക്കുന്നതിന് ജി. ഒ. (ആർ. റ്റി.) 356/2005/വനം തീയതി 24-6-2005 പ്രകാരം എല്ലാ ജില്ലകളിലും വനം, പോലീസ്, എക്സൈസ്, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥർ അടങ്ങിയ ജില്ലാ സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. കഞ്ചാവ് കൃഷി കണ്ടുപിടിക്കുവാൻ റിമോട്ട് സെൻസിംഗ് ടെക്നിക് നടപ്പിലാക്കുവാൻ സാധിക്കുമോ എന്നതും പരിശോധിച്ചു വരികയാണ്. ഇതിനെ സംബന്ധിച്ചുള്ള പഠനത്തിന് സെക്കന്തരാബാദിലെ അഡ്വാൻസ്ഡ് ഡാറ്റാ പ്രോസസിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ഡിവിഷനിൽ ഒലവക്കോട്, വാളയാർ റെയിഞ്ചുകളിലും, കണ്ണൂർക്കാട് ഡിവിഷനിൽ അട്ടപ്പാടി, അഗളി റെയിഞ്ചുകളിലും, നിലമ്പൂർ നോർത്ത് ഡിവിഷനിലെ എടവണ്ണ, വഴിക്കടവ് റെയിഞ്ചിലും, നിലമ്പൂർ സൗത്ത് ഡിവിഷനിൽ കരുളായി റെയിഞ്ചിലും നെൻമാറ ഡിവിഷനിൽ നെല്ലിയാംപതി റെയിഞ്ച് എന്നിവിടങ്ങളിലെ വനമേഖലകളിലും, സെൻട്രൽ സർക്കിളിൽ മലയാറ്റൂർ ഡിവിഷനിൽപ്പെട്ട കുട്ടംപുഴ റെയിഞ്ച്, കോട്ടയം സർക്കിളിൽ മാങ്കുളം, ഇടുക്കി, കമ്പക്കല്ല്, മൂന്നാർ എന്നീ പ്രദേശങ്ങളിലെയും കഞ്ചാവ് കൃഷി കണ്ടെത്തി നശിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഞ്ചാവ് കൃഷി നടത്തിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുള്ള പ്രദേശങ്ങളിൽ വനം ഉദ്യോഗസ്ഥരെ പ്രത്യേകം പ്രത്യേകം സ്ക്വാഡുകളാക്കി തിരിച്ച് പട്രോളിംഗ് ഊർജ്ജിതമാക്കിയിട്ടുണ്ട്. കൂടാതെ ഓയിഞ്ച് സ്റ്റേഷൻ റേഞ്ചിന്റെ നേതൃത്വത്തിൽ വനത്തിൽ തമ്പടിച്ച് വനസഞ്ചാരങ്ങളും നടത്തിവരുന്നു. കഞ്ചാവ് കൃഷി ധാരാളമായി നടത്തുന്ന കമ്പക്കല്ല്-കടവരി ഭാഗങ്ങളിൽ പുതുതായി രണ്ട് സ്റ്റേഷനുകളും രൂപീകരിച്ച് ആവശ്യമായ കരുതൽ നടപടികളും സ്വീകരിച്ചുവരുന്നു. ആദിവാസികളും മുഖേനയും പ്രത്യേക വനസംരക്ഷണ ജീവനക്കാർ മുഖേനയും രഹസ്യവിവരങ്ങൾ ശേഖരിക്കുന്നതിനും നടപടികളും സ്വീകരിച്ചിട്ടുണ്ട്. കഞ്ചാവ് കൃഷി സംബന്ധിച്ച രഹസ്യവിവരങ്ങൾ നൽകുന്നതിന് ഇൻഫോർമർമാർ പ്രവർത്തിക്കുന്നുണ്ട്. കഞ്ചാവ് കൃഷി നടത്തിയതിനുള്ള കുറ്റവാളികളെ കണ്ടെത്തിയാൽ അവരെ അറസ്റ്റ് ചെയ്ത് ശിക്ഷണ നടപടികളും സ്വീകരിച്ച് എക്സൈസ് വകുപ്പിനെ കൈമാറുകയും ചെയ്തുവരുന്നു. കഞ്ചാവ് കൃഷി നടത്തുന്നത് കണ്ടുപിടിക്കുവാൻ ഹെലിക്കോപ്റ്ററുകളുടെ സേവനം ലഭ്യമാക്കുവാനും റിമോട്ട് സെൻസിംഗ് ടെക്നിക്ക് നടപ്പിലാക്കുവാൻ സാധിക്കുമോ എന്നും പരിശോധിക്കുന്നുണ്ട്.

സാമൂഹ്യ മത്സ്യകൃഷി പദ്ധതി

13 [388] ശ്രീ. എം. എം. ഹസ്സൻ:
,, കെ. സുധാകരൻ:
,, വർക്കല കഹാർ:
,, ജി. കാർത്തികേയൻ:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ മത്സ്യകൃഷി പദ്ധതി എവിടെയെല്ലാം നടപ്പാക്കുന്നുണ്ട്;

(ബി) ഈ പദ്ധതിയനുസരിച്ച് എന്തെല്ലാം വിധത്തിലുള്ള മത്സ്യ കുഞ്ഞുങ്ങളെയാണ് കടലിലും മറ്റ് ജലാശയങ്ങളിലും നിക്ഷേപിച്ചിട്ടുള്ളത്;

(സി) ഈ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചതിന്റെ ഫലമായി മത്സ്യ ഉല്പാദനത്തിൽ എന്ത് വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും തെരഞ്ഞെടുത്ത ജലാശയങ്ങളും, നദികളും, ജലസംഭരണികളും, അഴിമുഖങ്ങളും എന്നിവിടങ്ങളിൽ സാമൂഹ്യ മത്സ്യകൃഷി പദ്ധതി നടപ്പാക്കുന്നുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം ശുദ്ധജലാശയങ്ങളിൽ കട്ല, രോഹു, മൃഗാൽ, സൈപ്രിണസ്, ആറുകൊഞ്ച് എന്നീ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly